(ബി) അപ്പാരൽ പാർക്ക് പോലുള്ള സ്ഥാപനങ്ങളിൽ തൊഴിൽ പ്രശ്നം ഉണ്ടാകുന്നപക്ഷം അതിന് പരിഹാരം കാണുവാൻ കിൻഫ്ര എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കിൻഫ്ര സ്ഥാപിച്ചിട്ടുള്ള ഇത്തരം സ്ഥാപനങ്ങളിൽ തൊഴിൽ സമാധാനം നിലനിർത്തുവാൻ കിൻഫ്രയുടേതായ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കിൻഫ്രയുടെ തിരുവനന്തപുരം ജില്ലയിലുള്ള അപ്പാരൽ പാർക്കിൽ നാല് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. യൂണിറ്റുകൾക്ക് കൊടുക്കാനായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ഒന്നും ഒഴിഞ്ഞു കിടക്കുന്നില്ല.

(ബി ആന്റ് സി) കിൻഫ്രയുടെ പാർക്കുകളിൽ തൊഴിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നപക്ഷം അതിന് പരിഹാരം കാണുവാൻ കിൻഫ്ര പോലീസിന്റെയും തൊഴിൽ വകുപ്പിന്റെയും സഹായം തേടാറുണ്ട്. കൂടാതെ പ്രസ്തുത പാർക്കുകളിൽ തൊഴിൽ സമാധാനം നിലനിർത്താൻ, ഇവിടെയുള്ള വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് കിൻഫ്ര പ്രവർത്തനങ്ങൾ നടത്തിവരുന്നു. എന്നാൽ ഇത്തരം സ്ഥാപനങ്ങളിൽ തൊഴിൽ സമാധാനം നിലനിർത്തുവാൻ കിൻഫ്രയുടേതായ പ്രത്യേകം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഇൻഫർമേഷൻ ടെക്നോളജി പദ്ധതികൾ

52 [506] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കി എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര രൂപയുടെ കമ്പ്യൂട്ടർ ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ടുമെന്റ് നേരിട്ടും മറ്റു ഡിപ്പാർട്ടുമെന്റ് മുഖേനയും വാങ്ങി എന്ന് ഓരോ ഡിപ്പാർട്ടുമെന്റും തരം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ കമ്പനികളിൽനിന്നും ഏതൊക്കെ തരത്തിലുള്ള കമ്പ്യൂട്ടറുകൾ എത്ര എണ്ണം എത്ര രൂപയ്ക്ക് വീതം വാങ്ങി എന്ന് വെളിപ്പെടുത്തുമോ;

(ഡി) അക്ഷയ പദ്ധതിക്ക് പ്രാദേശികമായി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അക്ഷയ പദ്ധതിക്ക് പ്രാദേശികമായി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം 17-6-2004-ലെ ഗവൺമെന്റ് ഉത്തരവ് G.O. (Rt.) 130/2004/ITD-യിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ജനസേവന കേന്ദ്രം മാറ്റി സ്ഥാപിക്കാൻ നടപടി

53 [507] ശ്രീ. വി. കെ. സി. മമ്മദ്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മൊഫ്യൂസൽ ബസ്റ്റാന്റിലെ നാലാം നിലയിൽ പ്രവർത്തിച്ചുവരുന്ന ജനസേവന കേന്ദ്രത്തിൽ ജനങ്ങൾക്ക് എത്തിച്ചേരാനുണ്ടാകുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജനസേവനകേന്ദ്രം കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾക്ക് ആവശ്യമായ സ്ഥലം അനുവദിച്ചു തരുന്നത് അതാതു സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. കോഴിക്കോട് നഗരസഭയുമായി സഹകരിച്ച് പ്രസ്തുത ജനസേവന കേന്ദ്രം കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ അംഗൻവാടികൾ

54 [508] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്ത പ്രോജക്ടുകളുടെ ഭാഗമായി എത്ര അംഗൻവാടികൾ പുതുതായി ആരംഭിച്ചു;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly